I.ഇ.ബി. XII കേരള നിയമസഭ/X-6

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2009 ഫെബ്രുവരി 20, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ധനകാര്യം**

2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2008-09-ലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു. 2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും 2009 ഏപ്രിൽ 1 മുതൽ ജൂലായ് 31 വരെയുള്ള നാലുമാസത്തെ ചെലവിനുള്ള വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുന്നു.

(രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.16-ന് പൂർത്തിയാക്കി)

മി.സ്പീക്കർ: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്കുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ മെമ്പർമാർക്ക്

അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.17-ന് പിരിഞ്ഞു.